ദേശാഭിമാനി

12 October 2023

അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ്

# കാർഷികമേഖലയിൽ സ്ത്രീപങ്കാളിത്തമേറി

**കൊച്ചി**

കാർഷികമേഖലയിൽ സ്ത്രീകളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം വർധിക്കുന്നുവെന്ന് 16–ാം അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിൽ 'യുവജന ശാക്തീകരണവും ലിംഗസമത്വവും' വിഷയത്തിൽ നടന്ന സിമ്പോസിയം നിരീക്ഷിച്ചു. വിവിധഘട്ടങ്ങളിൽ അഗ്രി സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കണമെന്നും അഭിപ്രായം ഉയർന്നു. കാർഷികരംഗത്ത് വേതനമില്ലാതെ തൊഴിലെടുക്കുന്ന സാഹചര്യമുണ്ടെങ്കിൽ പരിശോധിക്കണമെന്നും ആവശ്യമുയർന്നു.

തമിഴ്നാട് ഫിഷറീസ് സർവകലാശാല വൈസ് ചാൻസലർ ഡോ. വി ഗീതാലക്ഷ്മി, ഡോ. നീരു ഭൂഷൺ, ഡോ. സതേന്ദർ ആര്യ, ഡോ. സ്വാതി നായക് തുടങ്ങിയവർ സംസാരിച്ചു.

ജനിതക സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട ചർച്ചയിൽ സംസ്ഥാന ആസൂത്രണ കമീഷൻ അംഗം ഡോ. ആർ രാമകുമാർ, ഓസ്ട്രേലിയയിലെ മർഡോക് സർവകലാശാലയിലെ പ്രൊഫ. മൈക്കൽ ജോൺസ് എന്നിവർ സംസാരിച്ചു. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസിന്റെ (നാസ്) ആഭിമുഖ്യത്തിൽ ഹോട്ടൽ ലെ മെറിഡിയനിൽ നാലുദിവസം നടക്കുന്ന കോൺഗ്രസിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് ആതിഥ്യമരുളുന്നത്. 13ന് സമാപിക്കും.